**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *539** | **02.07.2019-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി**

**ചോദ്യം**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

**ശ്രീ.അനിൽ അക്കര**

**ശ്രീ.അനൂപ് ജേക്കബ്**

**ശ്രീ.ഷാഫി പറമ്പിൽ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിന് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്ക് സുസ്ഥിരമായ ജീവനോപാധി ഉറപ്പു വരുത്തുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസത്തിനുപുറമെ അധികമായി 100 ദിവസം കൂടി തൊഴിൽ നൽകുന്നതിനായി 'കേരള ട്രൈബൽ പ്ലസ്' എന്ന പദ്ധതി ആരംഭിച്ചു. ടി പദ്ധതിയിലൂടെ 23096 കുടുംബങ്ങൾക്ക് 100 ദിവസത്തിനു മുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിലാളികൾക്ക് വേതനം ആഴ്ചയിൽ നൽകുന്നതിനുള്ള നടപടിയും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.<br>നൈപുണ്യ വികസനത്തിലൂടെയും പരമ്പരാഗതതൊഴിൽ പ്രോത്സാഹനത്തിലൂടെയും പട്ടികവർഗ്ഗക്കുടെ മാനവശേഷി വർദ്ധിപ്പിച്ച് ആധുനികവും പരമ്പരാഗതവുമായ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19 വരെ ഇത്തരത്തിൽ അഭ്യസ്തവിദ്യരായ 3428 പേർക്ക് വിവിധ മേഖലയിൽ നൈപുണ്യ വികസന പരിശീലനം നൽകി തൊഴിൽ |

| | | | |
|---|---|---|---|
| | | | ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചു.<br><br>എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു<br><br>2019- ൽ ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപന ങ്ങളെയും ഉൾപ്പെട്ടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. 2019-20 വർഷത്തിൽ എല്ലാ ജില്ലകളിലും കരിയർ ഗൈഡൻസ് ജോബ് ഫെയർ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തീകരിച്ചു.<br><br>പരമ്പരാഗത കാർഷിക നൈപുണ്യ ങ്ങൾ പരിപോഷിപ്പിക്കുന്നതിനായി, മൃഗസംര ക്ഷണ വകുപ്പ്, കൃഷിവകുപ്പ്, മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതി കൾ നടപ്പിലാക്കിവരുന്നു.<br><br>പട്ടികവർഗ യുവതീ യുവാക്കൾക്ക് ഐറ്റി മേഖ ലയിൽ ഡെസ്ക് ടോപ് ഇഞ്ചിനീയറിംഗ്, ഹാർഡ്വെയർ/സോഫ്റ്റ്വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിനായി സെന്റർ ഓഫ് എക്സ ല്നസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് മണ്ണന്തലയിൽ പ്രവർത്തനം തുടങ്ങി.<br><br>അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി 6.87 കോടി രൂപയ്ക്ക് അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിൽ നടപ്പാക്കി. ആദ്യഘട്ട വിളവെടുപ്പ് കഴിഞ്ഞു. പദ്ധ തിയുടെ രണ്ടാം ഘട്ടത്തിൽ 70 ഊരുകളിലായി |

| | | | |
|---|---|---|---|
| | | | 760 ഹെക്ടർ കൃഷി ഇറക്കി രണ്ടാം ഘട്ട വിളവെടുപ്പിന് തയ്യാറായി വരുന്നു. ചെറു ധാന്യങ്ങൾ വിവിധ ഊരുകളിൽ നിന്നും സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി വിപണനം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിൽമ മുഖേന ക്ഷീര വികസനവുമായി ബന്ധപ്പെട്ട് 500 പട്ടികവർഗ്ഗക്കാർക്ക് മലപ്പുറം, എറണാകുളം, കാസർഗോഡ്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട്, കോഴിക്കോട് കോട്ടയം എന്നീ ജില്ലകളിൽ ജീവനോപാധി പ്രവർത്തനങ്ങൾ നടപ്പിലാക്കി.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് കുടുംബശ്രീ സുസ്ഥിര വികസന പദ്ധതിയിൽ 5132 അയൽകൂട്ടങ്ങൾ വഴി 87800 കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനും ജീവനോപാധി ലഭ്യമാക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കി. ഇതിലൂടെ അയൽകൂട്ടങ്ങൾക്ക് 10,000 രൂപ വീതം കോർപ്പസ് ഫണ്ട്, ജോയിന്റ് ലൈവിലിഹുഡ് ഗ്രൂപ്പുകൾക്ക് 2000 രൂപ വീതം കോർപ്പസ് ഫണ്ട് എന്നിവ നൽകുകയും 46 സ്വയംസഹായ സംഘങ്ങളും 26 വ്യക്തിഗത സംരംഭങ്ങളും ആരംഭിക്കുകയും ചെയ്തു.<br><br>അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ 6 മാസത്തെപരിശീലനം പൂർത്തീകരിച്ച 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിനായി **"അടാപ്പ്"** എന്ന പേരിൽ അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണത്തിനായി അപ്പാരൽ പാർക്ക് ആരംഭിച്ചു. വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ/ ഹോസ്റ്റലുകളിലെ കുട്ടികളുടെ യൂണിഫോം ഉൾപ്പെടെയുള്ള വസ്ത്രങ്ങളുടെ നിർമ്മാണം ഈ ഗ്രൂപ്പാണ് നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| | | | തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവാക്കൾക്ക് നിർമ്മാണ മേഖലയിൽ പരിശീലനം നൽകി തൊഴിലുറപ്പ് വരുത്തുന്ന ഗോത്ര ജീവിക പദ്ധതിയിൽ ഉൾപ്പെടുത്തി 1170 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി രൂപീകരിച്ച 53 സ്വയം സഹായ സംഘങ്ങൾ ലൈഫ് മിഷൻ ഉൾപ്പെടെയുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരികയാണ്. |
| ബി) | പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കാർഷികനൈപുണ്യം പരിപോഷിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | പട്ടികവർഗ്ഗക്കാരുടെയുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഭൂമിയിൽ കൃഷിയും അനുബന്ധപ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2019-20 സാമ്പത്തിക വർഷം പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. മണ്ണ് സംരക്ഷണം, ജലസേചനം, അത്യാധുനിക വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കൽ, പച്ചക്കറി കൃഷി, പുഷ്പ കൃഷി, ഭക്ഷ്യ വാണിജ്യ ഉൽപ്പന്നങ്ങളുടെ ഉൽപാദനം എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അട്ടപ്പാടിയിൽ വിജയം വരിച്ച മില്ലറ്റ് വില്ലേജും ഇതേ ലക്ഷ്യം സാക്ഷാത്കരിക്കുന്ന പദ്ധതിയാണ്.<br>പട്ടികജാതിക്കാരുടെ കാർഷിക നൈപുണ്യം പരിപോഷിപ്പിക്കുന്നതിന് ഓർഗാനിക് ഫാമിംഗിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>അതിനു പുറമെ എസ്.സി.എ റ്റി എസ്.സി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാതല കമ്മിറ്റി അംഗീകരിച്ച കാർഷിക പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായി ചെലവഴിക്കേണ്ട പദ്ധതിവിഹിതം സംസ്ഥാനം മാറ്റി വയ്ക്കുന്നുവെന്ന് അവകാശപ്പെടുമ്പോഴും അതനുസരിച്ചുള്ള അഭിവൃദ്ധി പ്രസ്തുത വിഭാഗങ്ങൾക്ക് ഉണ്ടാകാത്ത കാര്യം ഗൗരവമായി പരിശോധിക്കുമോ; | സി) | പട്ടികവർഗ്ഗ വികസന വകുപ്പ് എല്ലാ മേഖലകളിലുമുള്ള വികസന വിടവുകൾ വിശദമായി പരിശോധിച്ച് പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിന് അഭിവൃദ്ധി ഉണ്ടാകുന്നതിനുതകുന്ന ധാരാളം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. വിദ്യാഭ്യാസത്തിലെ ഉയർച്ചയും തൊഴിൽ മേഖലയിലുണ്ടായ വളർച്ചയും ശ്രദ്ധേയമാണ്. കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്.<br><br>പട്ടികജാതി വിഭാഗക്കാരുടെ അഭിവൃദ്ധിയ്ക്കായി പൊതുവെ പദ്ധതി വിഹിതത്തിന്റെ 10% തുക ജനസംഖ്യാനുപാതികമായി സംസ്ഥാനം മാറ്റിവയ്ക്കുന്നുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് പട്ടികജാതിക്കാരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ട് ഒട്ടേറെ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസം, തൊഴിൽ മുതലായ മേഖലകളിൽ വലിയ നേട്ടം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| ഡി) | ഈ വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നതിനും അതിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | ഡി) | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പാക്കുന്ന എല്ലാ പദ്ധതികളുടെയും അവലോകനം യഥാവിധി നടത്തുന്നതിനും പദ്ധതികളിലെ നടത്തിപ്പിൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനും ചുവടെ പറയുന്ന സംവിധാനം നിലവിലുണ്ട്.<br><br>• സംസ്ഥാനതലത്തിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ<br>• ഡയറക്ടറേറ്റ്തലത്തിൽ പ്രതിമാസ അവലോകനയോഗങ്ങൾ<br>• ജില്ലാതല വികസന സമിതി യോഗങ്ങൾ<br>• സ്ഥാപനങ്ങളുടെ മേൽനോട്ടത്തിന് ഉപദേശ സമിതികൾ |

Hari

**സെക്ഷൻ ഓഫീസർ**